ഉത്തരം

(എ) അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

(ബി) മേൽ പ്രവൃത്തികൾക്കുൾപ്പെടെ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ റെയിൽവേ അനുവദിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പുതുതായി കലിങ്ക് പണിയുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിച്ചുവരുന്നു.

തീവണ്ടികളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ

68 (414) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കുമോ ;

(ബി) തീവണ്ടിയിലെ കാറ്ററിംഗ് യൂണിറ്റിൽ പാചകത്തിനായി തീവണ്ടിയിൽ ലഭിക്കുന്ന ശുചിത്വമില്ലാത്ത വെള്ളം ഉപയോഗിക്കുന്നു ചാനൽ ദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പരിശോധനക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും ചേരുവകളും അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21-1-2012-ലെ കമേഴ്സ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ പരാതി എഴുതി സീനിയർ ഡിവിഷണൽ കമേഴ്സ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതും ഇന്റർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും ഇതുപോലുള്ള ഒറ്റപ്പെട്ട സംഭവങ്ങളെ തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ടെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്.

തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ്

69 (415) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ് കാരണം അപകടങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പരിക്കേൽക്കുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്യുന്നവർക്ക് എന്തെങ്കിലും സഹായം അനുവദിക്കാറുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) യാത്രക്കാരുള്ള തീവണ്ടികൾക്കുനേരെ കല്ലേറു നടത്തുകയും മറ്റ് അതിക്രമങ്ങൾ നടത്തുകയും ചെയ്യുന്നവർക്കെതിരെ ഏത് നിയമപ്രകാരമാണ് നടപടി സ്വീകരിക്കുന്നത് ;

(ഡി) സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെ കല്ലേറ് നടത്തുന്നത് തടയുന്നതിന് ബോധവൽക്കരണം നൽകുന്നതിനും അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. "Railway Claims Tribunal" മുഖേന സഹായം അനുവദിക്കാറുണ്ട്.

(സി) ഇത്തരം കേസ്സുകളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും ഇന്ത്യൻ റെയിൽവേ നിയമത്തിലേയും പൊതുമുതൽ നശിപ്പിക്കൽ (തടയൽ) നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്.

(ഡി) ശ്രദ്ധ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly